പ്രതികരണം

●

വി.കെ ജലീൽ

# യസ്രിബിലെ ക്രിസ്തുമത വിശ്വാസികൾ

**'മഴവിൽ** ലോകത്തെ ഇസ്‌ലാം' എന്ന പ്രയോഗത്തോടു തോന്നിയ അപ്രിയം കാരണം പ്രസ്തുത തലവാചകത്തിൽ *പ്രബോധനം* പ്രസിദ്ധീകരിച്ച രചനകളൊന്നും വായിക്കുകയുണ്ടായില്ല. രണ്ട് കുറിപ്പുകൾ മാത്രമായിരുന്നു ഇതിന്ന് അപവാദം. ഒന്ന്, അബ്ദുല്ലത്വീഫ് കൊടുവള്ളിയുടെ പ്രതികരണം. ഇസ്‌ലാമിക വിഷയങ്ങളിൽ കുറിപ്പുകാരനുള്ള പക്വമായ പരിജ്ഞാനം വിളിച്ചോതിയ ആ വരികൾ സന്തോഷമുളവാക്കുകയും ചെയ്തു. മറ്റൊന്ന് മുഹമ്മദ് കാടേരിയുടെ ഖണ്ഡനം. നബി(സ)ക്ക് മുമ്പോ ശേഷമോ മദീനയിൽ ക്രിസ്ത്യാനികളാരും നിവസിക്കുകയുണ്ടായിരുന്നില്ലെന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. നബി(സ)ക്ക് ശേഷം മദീനയിലേക്ക് ഏതെങ്കിലും അമുസ്‌ലിം വിഭാഗം കുടിയേറാൻ ചരിത്രപരമായ ന്യായം തന്നെ ഇല്ലെന്നിരിക്കെ, മുമ്പോ നബിയുടെ കാലത്തോ അവിടെ ക്രിസ്തീയ സാന്നിധ്യം ഉണ്ടായിരുന്നോ എന്ന് പരിശോധിച്ചാൽ മതിയാകും.

'ജസീറത്തുൽ അറബി'ലേക്കുള്ള ക്രിസ്തുമതത്തിന്റെ പ്രവേശവും പ്രചാരവും സുദീർഘമായ ഒരു ചരി

ത്രാധ്യായമത്രെ. ഫൈമിയൂൻ എന്ന് അറബ് ചരിത്രകാരന്മാർ വിളിക്കുന്ന ക്രിസ്തീയ വൈരാഗിയുടെ കൈക്കാണ് ക്രിസ്തുമതം ഉപദ്വീപിലേക്ക് കടന്നുവന്നതെന്നാണ് ഒരു വിവരണം. നിർമാണതൊഴിലാളിയായി ഗ്രാമാന്തരങ്ങളിലൂടെ അലഞ്ഞ ഭക്തനായ ഫൈമിയൂന്റെ ചിത്രത്തിന് അനൽപമായ മിഴിവുണ്ട്.

തുടക്കത്തിൽ അറേബ്യയുടെ തെക്കുഭാഗത്താണ് ക്രിസ്തുമതത്തിന് വേരുറപ്പിക്കാനായത്. പിൽകാലത്ത് ഹീറ ഭരണകൂടത്തിന് കീഴിൽ ജീവിച്ചിരുന്ന ക്രിസ്തീയ വണിക്കുകൾ അറബ് പ്രദേശങ്ങളിൽ ക്രിസ്തുമതത്തിന് പ്രചാരം നൽകി. ക്രിസ്ത്വബ്ദം മൂന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഹീറ ഭരണകൂടത്തിലെ ചില ഭരണാധികാരികൾ ക്രിസ്തുമതം ആശ്ലേഷിച്ചതിനെ തുടർന്നായിരുന്നു ഇത്. അറബ് സംസ്കാരത്തിൽ വലിയ സ്വാധീനമാണ് ഈ ഭരണസ്വരൂപം ചെലുത്തിയിട്ടുള്ളത്. ഹീറയിലെ വ്യാപാരികൾ പരിഷ്കൃതരും വിദ്യാസമ്പന്നരുമായിരുന്നു. ചരക്കുകളുടെ കൈമാറ്റത്തോടൊപ്പംഅവർ മതവും സംസ്കാരവും കൈമാറി. തൽഫലമായി യസ്രിബുമായി പലനിലക്കും ബന്ധമുണ്ടായിരുന്ന വാദിൽ ഖുറായിൽ ക്രിസ്തുമത സ്വാധീനം ശക്തമായി. അവിടെ ധാരാളം ക്രിസ്തീയ ദേവാലയങ്ങൾ ഉയർന്നുവന്നു. ഇത് യസ്രിബ് നിവാസികളെയും സ്വാധീനിച്ചു. അവരിൽ പലരും ക്രിസ്തുമതം സ്വീകരിച്ചു. ഔസ് ഗോത്രത്തിലെ സമാദരണീയ വ്യക്തിത്വവും അവരുടെ നേതാക്കളിലൊരാളുമായിരുന്ന അബൂആമിർ ഇവരിൽ ഒരാളത്രെ. റാഹിബ് (പുരോഹിതൻ) എന്ന പേരിൽ വിശ്രുതനാണിദ്ദേഹം. പുരോഹിത വേഷമണിഞ്ഞ് പരുക്കൻ വസ്ത്രങ്ങൾ ധരിച്ച് ക്രിസ്തുമതാനുയായി ആയി അദ്ദേഹം ജീവിച്ചു.

ബനൂനജ്ജാർ ഗോത്രത്തിലെ അബൂഖയ്സാണ് മറ്റൊരാൾ. അബൂ ആമിറിനെപ്പോലെ ഇദ്ദേഹവും പുരോഹിത വേഷമണിഞ്ഞാണ് ജീവിച്ചിരുന്നത്. സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ളവരുടെ മതപരിവർത്തനം മറ്റു പലരിലും പ്രതികരണം ഉളവാക്കിയിട്ടുണ്ടാവണം എന്ന് കരുതാനാണ് ന്യായം.

വിശുദ്ധ ഖുർആന്റെ അവതരണവേളയിൽ ക്രിസ്ത്യാനികൾ വെച്ചു പുലർത്തിയിരുന്ന വികല വിശ്വാസങ്ങളെ ഖുർആൻ നന്നായി കൈകാര്യം ചെയ്യുന്നുണ്ടല്ലോ. അഭിസംബോധിതർ നേരെ മുമ്പിലുള്ളവരാണെന്നോണമാണ് ഖുർആന്റെ പ്രതിപാദനം. *അന്നിസാഅ്* 171, *അൽമാഇദ* 17,72,112,118 *അത്തൗബ* 30 എന്നീ സൂക്തങ്ങൾ ഉദാഹരണം. ഖുർആന്റെ മദീനയിലെ അഭിസംബോധിതരിൽ ക്രിസ്തുമത വിശ്വാസികൾ കൂടി ഉൾപ്പെട്ടിരുന്നു എന്നതിനു തെളിവായി ചരിത്രകാരനായ ഡോ. മുഹമ്മദ് സയ്യിദ് അൽവക്കീൽ ഈ ഖുർആനിക പരാമർശങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

ഡോ. യൂസുഫുൽ ഖറദാവിയുടെ 'ഗയ്റുൽ മുസലിമീൻ ഫിൽ മുജ്തമഇൽ ഇസ്ലാമി' എന്ന കൃതിയിൽ ഇങ്ങനെ വായിക്കാം: "വേദക്കാർ അവർ ജൂതന്മാരോ ക്രിസ്ത്യാനികളോ ആവട്ടെ, ഈ വിട്ടുവീഴ്ച നബി(സ) തിരുമേനിയുടെ പെരുമാറ്റത്തിലും പ്രകടമാകുന്നു. നബി(സ) തിരുമേനി അവരെ സന്ദർശിക്കുകയും ആദരിക്കുകയും അവർക്ക് നന്മചെയ്യുകയും അവരിൽപെട്ട രോഗികളെ കാണാനെത്തുകയും അവരിൽ നിന്ന് സ്വീകരിക്കുകയും അവർക്ക് നൽകുകയും ചെയ്യാറുണ്ടായിരുന്നു." നബി(സ) തിരുമേനിയുടെ ദൈനംദിന സമ്പർക്ക പരിധിയിൽ ക്രിസ്ത്യാനികൾകൂടി ഉണ്ടായിരുന്നു എന്നല്ലേ ഈ വാചകം നൽകുന്ന ആശയം.

മക്കയെ അപേക്ഷിച്ച് യസ്രിബിൽ ക്രിസ്ത്യാനികളുടെ എണ്ണം കുറവായിരുന്നു. മാത്രമല്ല, ജൂതന്മാരെപ്പോലെ രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിലെ കിടമത്സരങ്ങളിലും സംഘർഷങ്ങളിലും ഇവർ ഏർപ്പെട്ടതുമില്ല. അതിനാൽ ചരിത്രത്തിൽ അവർ അൽപം മാത്രമേ പരാമർശവിധേയരാകുന്നുള്ളൂ.

ചുരുക്കത്തിൽ നബി(സ)ക്ക് മുമ്പും തിരുമേനിയുടെ കാലത്തും യസ്രിബിൽ ക്രിസ്ത്യാനികൾ താമസിച്ചിരുന്നു. അവരുടെ വിശ്വാസാചാരങ്ങൾ മദീനാ നിവാസികൾക്ക് സുപരിചിതവുമായിരുന്നു. ഔസ്-ഖസ്റജ് ഗോത്രങ്ങളിലെ ചിലരെങ്കിലും ക്രിസ്തുമതം അവലംബിച്ചിരുന്നു. ഖുർആന്ന് അഭിസംബോധന ചെയ്യാൻ മാത്രമെങ്കിലും അവരുടെ അംഗസംഖ്യ ഉണ്ടായിരുന്നു എന്നൊക്കെ ധരിക്കാൻ സഹായകമാകും വിധമാണ് ഖുർആനിക പരാമർശങ്ങളും ലഭ്യമായ ചരിത്ര വസ്തുതകളും. ■